# വർണ്ണം ടൈലറിംഗ് യൂണിറ്റ് , മൂടാടി

മൂടാടി ഗ്രാമപഞ്ചായത്ത് സി.ഡി.എസിലെ 16-ാം വാർഡ് വീമംഗലത്താണ് വർണ്ണം ടൈലറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത്. രജിസ്ട്രേഷൻ നമ്പർ G10803/KSME/019.

2011 ജൂലൈ 15 ന് അഞ്ച് പേരെ ഉൾപ്പെടുത്തി തുടങ്ങിയതാണ് ഈ യൂണിറ്റ്. 15/10/2012ൽ 1 ലക്ഷം രൂപ ലോൺ എടുത്ത് പ്രവർത്തനം വ്യാപിപ്പിച്ചു. നിലവിൽ ഈ ഗ്രൂപ്പിൽ 3 പേർ മാത്രമാണ് പ്രവർത്തിക്കുന്നത്. ആദ്യകാലത്ത് 800 രൂപ മാസ വാടകയായിരുന്നു. ഇപ്പോൾ 1000 രൂപയാണ് വാടക. ഇതിനു പുറമേ വൈദ്യുത ചാർജിനത്തിൽ 250 രൂപയോളം മാസം ചെലവു വരുന്നുണ്ട്. മാസത്തിലൊരിക്കൽ യോഗം ചേരുകയും കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്യുന്നു. 36 മാസം കൊണ്ട് തന്നെ ലോൺ അടച്ച് തീർത്തിട്ടുണ്ട്. നിലവിൽ ഓരോ അംഗത്തിനും 5000 - 6000 രൂപ പ്രതിമാസ വരുമാനം ലഭിക്കുന്നു.


സിനില കെ.എം

എം.കെ.എസ്.പി ബ്ലോക്ക് കോ ഓർഡിനേറ്റർ

മേലടി